# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 116 03.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ഡിവിഡന്റ് സ്കീം

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി ഡിവിഡന്റ് സ്കീം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. 19.09.2019-ലെ എസ്.ആർ.ഒ. നമ്പർ 650/2019 പ്രകാരം പ്രവാസി ഡിവിഡന്റ് പദ്ധതി രൂപീകരിക്കുകയും 6.12.2019-ലെ എസ്.ആർ.ഒ. നമ്പർ 976/2019 പ്രകാരം പ്രസ്തുത പദ്ധതിക്ക് 2019 സെപ്റ്റംബർ മാസം 19-ാം തീയതി മുതൽ പ്രാബല്യം നൽകുകയും ചെയ്തു. 2019 ഡിസംബർ 14-ാം തീയതി ബഹു. മുഖ്യമന്ത്രി പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. |
| ബി) | പ്രവാസികൾക്ക് ഓൺലൈനായും, ചെക്ക് മുഖാന്തരവും ഈ പദ്ധതിയിൽ പണം നിക്ഷേപിക്കുവാൻ സാധിക്കുമോ; വിശദമാക്കുമോ; | ബി) | പ്രവാസികൾക്ക് ഡിവിഡന്റ് പദ്ധതിയിൽ ഓൺലൈൻ മുഖേനയും NEFT/RTGS സംവിധാനം മുഖേനയും പണം നിക്ഷേപിക്കുവാൻ സാധിക്കും. കൂടാതെ ചെക്ക്, ഡി.ഡി. എന്നിവ മുഖേനയും പണം നിക്ഷേപിക്കാവുന്നതാണ്. |
| സി) | ഈ പദ്ധതിയിൽ ഇതിനകം എത്ര പ്രവാസികൾ ചേർന്നുവെന്നും അതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | സി) | പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 29.01.2020 വരെ 96 പ്രവാസി കേരളീയരിൽ നിന്നും 18.67 കോടി (പതിനെട്ട് കോടി അറുപത്തിഏഴ് ലക്ഷം രൂപ) രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. |
| ഡി) | ഇപ്രകാരം സമാഹരിക്കുന്ന തുക കിഫ്ബിയുടെ വികസന പ്രവർത്തനങ്ങൾക്കാണോ ഉപയോഗിക്കുന്നത്; കിഫ്ബി എത്ര ശതമാനം ഡിവിഡന്റാണ് | ഡി) | പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപമായി ലഭ്യമാകുന്ന തുക പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിയിക്ക് കൈമാറ്റം ചെയ്യുന്നു. സർക്കാറിന്റെ പൊതു നിർദ്ദേശങ്ങൾക്കനുസരിച്ച് കിഫ്ബി ടി ഫണ്ട് |

| | | | |
|---|---|---|---|
| | നിക്ഷേപകർക്ക് നൽകുന്നത്; വ്യക്തമാക്കുമോ? | | വിനിയോഗിക്കുന്നതാണ്. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപകർക്ക് നിലവിൽ നിക്ഷേപ തുകയുടെ 10% ഡിവിഡന്റ് സർക്കാർ ഉറപ്പ് നൽകുന്നുണ്ട്. ഇതിൽ 9% കിഫ്ബിയും 1% സർക്കാരുമാണ് വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**